# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5467** **24/05/2017-ൽ മറുപടിക്ക്**

## പി.എസ്.സി പരീക്ഷകളിൽ ക്രമക്കേടുകൾ

**ചോദ്യം**

ശ്രീ.പി.കെ.ശശി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പി.എസ്.സി. നടത്തിയ ഏതെല്ലാം പരീക്ഷകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു എന്നും അവയിലോരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 2016 ഡിസംബർ 1 ന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുടെ പരീക്ഷയിൽ മാത്രമാണ് ക്രമക്കേടുകൾ കണ്ടെത്തിയത്. പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും ചോദ്യകർത്താക്കൾക്കെതിരെ വകുപ്പുതല നടപടികൾക്കും, ക്രിമിനൽ കേസെടുക്കുവാനും നടപടി സ്വീകരിച്ചു. |
| (ബി) | 2016 ഏപ്രിൽ 29 ന് നടത്തിയ സ്റ്റാഫ് നഴ്സ് പരീക്ഷയിൽ നൂറ് മാർക്ക് ചോദ്യത്തിൽ 59 ചോദ്യങ്ങളും തിരുവനന്തപുരത്തുള്ള ഒരു സ്ഥാപനത്തിന്റെ ഗൈഡിൽ നിന്ന് ആയിരുന്നു എന്നതും അതുപോലെ 2015 ലെ സ്റ്റാഫ് നഴ്സ് പരീക്ഷയിലും ചോദ്യക്കടലാസിൽ ഇത്തരം ക്രമക്കേടുകൾ ഉണ്ടായിരുന്നതും പി.എസ്.സി.യുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ ഇത്തരം വീഴ്ചകൾ വരുത്തിയ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ നടപടികൾ എടുത്തിട്ടുണ്ട്; | (സി) | 2016 ഡിസംബർ 1 ന് നടന്ന ലൈബ്രേറിയൻ ഗ്രേഡ് IV പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയ രണ്ടുപേർക്കെതിരെ വകുപ്പുതല നടപടികൾക്കും ക്രിമിനൽ കേസെടുക്കുന്നതിനും നടപടി സ്വീകരിച്ചു. |
| (ഡി) | പി.എസ്.സി. പരീക്ഷാ നടത്തിപ്പ് സുതാര്യമാക്കാൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | പരീക്ഷാരീതി പരിഷ്കരണത്തിന്റെ ഭാഗമായി online പരീക്ഷാ സംവിധാനം നടപ്പിലാക്കി. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് എന്നീ പി.എസ്.സി ഓഫീസുകളിൽ ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചത് പരീക്ഷാ നടത്തിപ്പിലെ കാലതാമസം പരിഹരിക്കുവാൻ സഹായകമായിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം 1600 വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. കൂടാതെ വകുപ്പുതല പരീക്ഷകൾ കമ്പ്യൂട്ടർവൽക്കരിച്ചു. പി.എസ്.സി.തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയുടെ യോഗ്യത, ജോലിസ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ പരീക്ഷയുടെയും ഉള്ളടക്കവും ഘടനയും നിശ്ചയിക്കുന്നത്. ആയതിനുള്ള സിലബസ് തന്നെ വിവിധ മോഡ്യൂൾ ആയി തരംതിരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഈ സിലബസ് പരിഷ്കരിക്കാറുണ്ട്. ഇതിനായി കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട Academic, Examination |

| | | | |
|---|---|---|---|
| | | | ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. പി.എസ്.സി. പെറ്റീഷൻസ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയറിന്റെ വികസനം പൂർത്തിയായിവരുന്നു. അതുപോലെ വകുപ്പുതല പരീക്ഷ എഴുതുന്നവർക്കായുള്ള ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ് വെയർ വികസനവും പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ